(ബി) നിലവിൽ മാള നിയോജകമണ്ഡലത്തിൽ സി.ഡി. അടച്ച് കണക്ഷൻ ലഭിക്കുന്നതിനായി എത്ര അപേക്ഷകളുണ്ട് ; ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ; ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(സി) കൺസന്റ് ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത കേസുകളിൽ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇപ്രകാരം കൺസന്റ് ലഭിക്കാത്തവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാള നിയോജക മണ്ഡലത്തിലെ 33 കെ.വി. അന്നമനട സബ്സ്റ്റേഷന്റെയും അതിനോടനുബന്ധിച്ചുള്ള ലൈനിന്റെയും നിർമ്മാണത്തിലേക്കായി 290 ലക്ഷം രൂപ ചെലവായി. മാള നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ വിതരണ മേഖലയിൽ 62 കിലോമീറ്റർ 11 കെ.വി. ലൈൻ, 172.286 കിലോമീറ്റർ എൽ.റ്റി.ലൈൻ എന്നിവ നിർമ്മിക്കുകയും 25 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 15480 സർവ്വീസ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കായി 8.34 കോടി രൂപ ബോർഡ് ചെലവഴിച്ചിട്ടുണ്ട്.

(ബി) 28 അപേക്ഷകൾ ഉണ്ട്. ഇതിൽ 5 പേർക്ക് ഉടൻ തന്നെ കണക്ഷൻ നൽകുന്നതാണ്. 13 എണ്ണത്തിൽ എ.ഡി.എം.-ന്റെ (property crossing consent കിട്ടാതെ) കേസുകൾ നിലവിലുണ്ട്. ബാക്കി 10 എണ്ണം ടാർജറ്റ് പുതുക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. ഇവരുടെ പേരു വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) കൺസന്റ് ലഭിക്കാത്ത കേസുകൾ എ.ഡി.എം.-ന്റെ പരിഗണനയിലാണ്. ബോർഡ് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കൺസന്റ് ലഭിക്കാത്തവരുടെ വിവരം അനുബന്ധമായി പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

തൃക്കരിപ്പൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ

142(2395) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നാക്ക പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ നടക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേക്ക് പ്രഖ്യാപിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ കരിവെള്ളൂർ, പാടിയോട്ടുചാൽ, വെള്ളൂർ, മാതമംഗലം എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ എസ്റ്റിമേറ്റ് പൂർത്തിയായി. ബാക്കി സെക്ഷനുകളിലെ എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

എളവള്ളി കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം

143(2396) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിലെ എളവള്ളി കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്, ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) എളവള്ളി കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) ബോർഡിന്റെ പരിഗണനയിലില്ല.

ഇലക്ട്രിസിറ്റി ബോർഡിൽ കഴിഞ്ഞ നാലരവർഷക്കാലം പി.എസ്.സി. വഴി നിയമനം ലഭിച്ചവർ

144(2397) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

കഴിഞ്ഞ നാലരവർഷക്കാലത്തിനുള്ളിൽ ഇലക്ട്രിസിറ്റി ബോർഡിൽ ഏതൊക്കെ തസ്തികകളിൽ എത്രപേർക്ക് പി.എസ്.സി. വഴി നിയമനം ലഭിച്ചു എന്നത് വെളിപ്പെടുത്തുമോ ?

ഉത്തരം

കഴിഞ്ഞ നാലരവർഷക്കാലത്തിനുള്ളിൽ ഇലക്ട്രിസിറ്റി ബോർഡിൽ 8573 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്. ആയതിന്റെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly